ശ്രീ. കെ. രാജു : സർ, ഇക്കൂട്ടത്തിൽ തെന്മല ഡാമിന്റെ കാര്യം അങ്ങ് പ്രതിപാദിച്ചില്ല. അവിടത്തെ മണലെടുക്കുന്ന കാര്യം കൂടി പരിഗണിക്കുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, തെന്മലയിൽ ഇത് സംബന്ധമായി 2003-04 വർഷത്തിൽ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (എൻ. ആർ. എസ്. എ.) ഒരു പഠനം നടത്തുകയുണ്ടായി. ആ പഠന റിപ്പോർട്ട് അനുസരിച്ച് നേരത്തെ ശ്രീ. കെ. രാജു തന്നെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ ജലസംഭരണശേഷി ഏതാണ്ട് 13 ശതമാനം കണ്ട് തെന്മല ഡാമിൽ കുറഞ്ഞിട്ടുണ്ട്. അത്രയേറെ മണൽ ഡിപ്പോസിറ്റ് അവിടെ ഉണ്ട് എന്നാണ് അതിന്റെ അർത്ഥം. അത് കൂടാതെ ഈ പഠനത്തിന്റെ ഭാഗമായിത്തന്നെ വാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റ് 2010-ൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ തെന്മല ഡാമിൽ നടത്തുകയുണ്ടായി. ഹൈഡ്രോഗ്രാഫിക് സർവ്വേ റിപ്പോർട്ട് 2011 ജനുവരിയിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹൈഡ്രോഗ്രാഫിക് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെന്മല ഡാമിൽ നിന്നും മണൽ എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

(1) കുളമാവ് വാഹനാപകടത്തിൽപ്പെട്ടവർക്ക് ധനസഹായം

ശ്രീ. എ. എം. ആരിഫ് : സർ, അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ കുറ്റിലോട് ഭാഗത്തുള്ള 31 ആളുകൾ 20-12-2010-ൽ ഒരു മിനി ബസ്സിൽ ഒരു കുടുംബചടങ്ങിൽ പങ്കെടുക്കാനായി ഇടുക്കിയിലെ തങ്കമണിക്കടുത്തുള്ള ഒരു ബന്ധുവീട്ടിൽ പോയി മടങ്ങിവരവെ കുളമാവ് എന്ന സ്ഥലത്തുവച്ച് വാഹനം പല കരണംമറിഞ്ഞ് 10-60 അടി താഴ്ച്ചയിലേക്ക് പോയി. 31 പേർക്കും ഗുരുതരമായ പരിക്ക് പറ്റുകയും സംഭവസ്ഥലത്തുവച്ചു തന്നെ ഒരാൾ മരിക്കുകയും അതിനുശേഷം രണ്ടുപേർ കൂടി മരിക്കുകയുമുണ്ടായി. ആ സമയത്ത് ബഹുമാനപ്പെട്ട എം. എൽ. എ. മാരായ ശ്രീ. കെ. കെ. ജയചന്ദ്രനും ശ്രീ. റോഷി അഗസ്റ്റിനുമെല്ലാം സംഭവസ്ഥലത്തെത്തി. അവരെ സഹായിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും ഇടപെട്ട് അവർക്കാവശ്യമായ പ്രാഥമികമായ സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. എന്നിരുന്നാലും പിന്നീട് ഇവർ പല ആശുപത്രികളിലാണ് പോയത്. സ്വകാര്യ ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി പോയപ്പോഴാണ് രണ്ടുപേർ മരിച്ചത്. അവരുടെ ചികിത്സാ ചെലവ്, രണ്ടര ലക്ഷം രൂപയിൽ അധികമായി. അങ്ങനെ ആളുകൾ മരിക്കുകയും നിരവധി ആളുകൾ ചികിത്സയിൽ തുടരുകയുമാണ്. മൂന്നുപേർ മരിച്ചതിൽ ഒരാളുടെ ഭാര്യയ്ക്ക് 4 വയസ്സ് പ്രായമുള്ള ഒരു കുട്ടി മാത്രമേയുള്ളൂ. അവർ ഈ ദു:ഖത്താൽ ആത്മഹത്യ ചെയ്യാൻ മുതിർന്നതിനെത്തുടർന്ന് ഇപ്പോൾ ആശുപത്രിയിലാണ്. ഈ കുടുംബങ്ങളെല്ലാം വളരെ വളരെ പാവപ്പെട്ട നിർദ്ധന കുടുംബാംഗങ്ങളാണ്. ഇവർ ഒരു ചടങ്ങിനുവേണ്ടി പോയതാണ്. അനേകം രൂപ ഇവരുടെ കയ്യിൽ നിന്ന് ചെലവായിരിക്കുന്നു. അതുകൊണ്ട് പ്രത്യേകമായ് ഒരു ക്യാബിനറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനത്തോടുകൂടി മരിച്ചവരുടെ നിർദ്ധനരായ കുടുംബങ്ങളേയും പരിക്കേറ്റവരേയും സഹായിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഇടുക്കി ജില്ലയിലെ കുളമാവിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ ബാലകൃഷ്ണന്റെയും ഗീതയുടെയും കുടുംബങ്ങൾക്ക് അടിയന്തര സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,000 രൂപ വീതം നൽകിയിട്ടുണ്ട്. പരിക്കേറ്റ മറ്റ് 31 പേരെ തൊടുപുഴ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും അർഹമായ ധനസഹായം അനുവദിക്കുന്ന കാര്യം ക്യാബിനറ്റ് യോഗത്തിൽ വച്ച് തീരുമാനിക്കുന്നതാണെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിച്ചു കൊള്ളുന്നു.

(2) രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണം

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എ. എം. യൂസഫും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഈ ജനുവരിയിൽ ഉദ്ഘാടനം ചെയ്യുന്നു എന്ന് പറയുന്നത് വളരെയധികം അഭിമാനത്തോടും സന്തോഷത്തോടുംകൂടിയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. ആ തുറമുഖത്ത് ഉരുത്തിരിഞ്ഞുവരുന്ന ഒരു വലിയ സംഭവവികാസം അങ്ങയുടെ ശ്രദ്ധയിലും അതുപോലെ സഭയുടെ ശ്രദ്ധയിലും കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പതിനായിരത്തോളം തൊഴിലാളികളുടെ ഭാവി ആശങ്കയിലാകുന്ന ഒരു സമിതിവിശേഷമാണ് ഇന്ന് അവിടെയുള്ളത്. അവിടെ ബൾക്ക് ഗുഡ്സ് കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടാൻ പോകുന്നത്. ചേർത്തല, കൊച്ചി, കണ്ണൂർ താലൂക്കുകളിലെ പതിനായിരം കുടുംബങ്ങളിൽ നിന്നുള്ള പതിനായിരം തൊഴിലാളികളാണ് അവിടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത്. വാസ്തവത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും വളരെ അടിയന്തരമായി ഇതിൽ ശ്രദ്ധ വച്ചില്ലെങ്കിൽ വളരെ ഭീതിജനകമായ ഒരു സമിതിവിശേഷം അവിടെ ഉണ്ടാകും. അവിടത്തെ തുറമുഖ തൊഴിലാളികളുടെ എല്ലാ പാർട്ടിയിലുംപെട്ട, യൂണിയനിലുംപെട്ട തൊഴിലാളി യൂണിയനുകൾ സംയുക്തമായിട്ട് പണിമുടക്കിന് നോട്ടീസ് നൽകുകയും ഇന്ന് അർദ്ധരാത്രി മുതൽ കൊച്ചി തുറമുഖം നിശ്ചലമാകുന്ന സമിതിയിലേക്ക് പോകുകയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്യും എന്നുപറഞ്ഞാൽ തൊഴിലാളി യൂണിയനുകൾ ആ സമരം മാറ്റിവയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങ് ഇടപെട്ടുകൊണ്ട് ജില്ലയിലും സ്റ്റേറ്റിലുമൊക്കെയുള്ള ജനപ്രതിനിധികൾ, മന്ത്രിമാർ അതേപോലെ തൊഴിലാളി യൂണിയൻ നേതാക്കൾ ഉൾപ്പെടെ കേന്ദ്രത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly